**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡീഷണൽ ഡയറക്ടർ(മെഡിക്കൽ& ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)ന്റെ**

**നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം 2026 വൈസ് പ്രിൻസിപ്പൽ തസ്തികയിലെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-
1.സ.ഉ. (പി) നം. 3/2017/ഉ.ഭ.പ.വ. തീയതി: 25/02/2017
2.സ.ഉ. (സാധാ) നം. 1097/2026/H&FWD തീയതി: 14/03/2026
3.സ.ഉ.(സാധാ) നം.1369/2026/H&FWD തീയതി : 10-04-2026
4.സർക്കുലർ നം. ഇ.എച്ച് 1/31371/2025-ആ.വ.ഡ തീയതി: 13/04/2026
5.ജീവനക്കാർ SPARK മുഖേന സമർപ്പിച്ച അപേക്ഷകൾ
6.കരട്ഉത്തരവ് നം.DHS/11260/2026-EE2 തീയതി: 29/05/2026

**ഉത്തരവ് നം: DHS/11260/2026-EE2 തീയതി:** 24-06-2026

---

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ പൊതു സ്ഥലംമാറ്റം നടപ്പാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപ്രകാരം വൈസ് പ്രിൻസിപ്പൽ തസ്തികയിൽ അപേക്ഷ സമർപ്പിച്ച ജീവനക്കാർ ആരും തന്നെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൊതു സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹരായി കണ്ടില്ല. മേൽപ്രകാരം പ്രസ്തുത അപേക്ഷകർ പൊതുസ്ഥലമാറ്റ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹരല്ല എന്ന നിഗമനത്തിൽ നടപടികൾ അവസാനിപ്പിച്ച് പരാമർശം (6) പ്രകാരം കരട് നടപടിക്രമം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. ഈ തീരുമാനത്തിൽ ആക്ഷേപം ഉള്ളവർ അപ്പീൽ ഫയൽ ചെയ്യുവാനും ടി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

പരാമർശം(6) പ്രകാരം പ്രസിദ്ധീകരിച്ച കരട് നടപടിക്രമം സംബന്ധിച്ച് ടി വിഭാഗം ജീവനക്കാരിൽ നിന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമായ പൊതു സ്ഥലംമാറ്റ മാനദണ്ഡ അടിസ്ഥാനത്തിലുള്ള അപ്പീൽ അപേക്ഷ അപ്പീൽ കമ്മിറ്റി പരിശോധിച്ചെങ്കിലും ടി അപേക്ഷ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം പരിഗണിക്കാൻ യോഗ്യമല്ല എന്ന് കണ്ടെത്തി നിരസിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ആരോഗ്യവകുപ്പിലെ വൈസ് പ്രിൻസിപ്പൽ തസ്തികയിലെ ജീവനക്കാരുടെ 2026 വർഷത്തെ പൊതുസ്ഥലമാറ്റത്തിന് ആരും തന്നെ അർഹരല്ല എന്ന നിഗമനത്തിൽ പൊതുസ്ഥലമാറ്റം സംബന്ധിച്ച് തുടർനടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Sandeep K
Date: 24-06-2026
11:11:01

**അഡീഷണൽ ഡയറക്ടർ(മെഡിക്കൽ& ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)**

സ്വീകർത്താവ്:-

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

പകർപ്പ്:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്
3. ഫയൽ